കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# എടത്വ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി1-1201/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.16.09.2017
ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടത്വ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടത്വ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി1-1201/2017 തീയതി:16.09.2017

# ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 7.12.2016 മുതൽ 7.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.08.2017 മുതൽ 18.8.2017 വരെ | ശ്രീ. സി.സി.ജ്യോതിമോൻ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയ്.ടി. എം, സീനിയർ ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.സുനിൽ.കെ.ബി, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

**1)പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി.ടെസ്സി ജോസ് | 01.04.2016 മുതൽ 31.03.2017 വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ.ഉല്ലാസ് കുമാർ | 01.04.2016 മുതൽ 26.12.2016 FN വരെ |
| | | 26.12.2016 AN മുതൽ 31.03.2017 വരെ |

**3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.എസ്. സന്തോഷ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ബി.ശ്രീജിത്ത്. എൻ ഭാസ്കരൻ | 01.04.2016 മുതൽ 31.03.2017വരെ |
| 3 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.സിസ്ധു ജിങ്ക ചാക്കോ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.മുരളീധരൻ | 01.04.2016 മുതൽ 30.11.2016 വരെ |
| | | ഡോ. പ്രേമ ജോർജ്ജ് | 01.12.2016 മുതൽ 27.02.2017 വരെ |
| | | ഡോ. സിനി | 28.02.2017 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജയശ്രീ | 01.04.2016 മുതൽ 10.08.2016 വരെ |
| | | ഡോ. മരിയ തെരേസ. പി.ജെ | 11.08.2016 മുതൽ 31.03.2017 വരെ |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സൽമബീവി | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | ഹെഡ്മിസ്ട്രസ്സ്, ഗവ.(എൽ.പി.എസ്.) | ശ്രീ. കെ.എസ്.സുശീലൻ | 01.04.2016 മുതൽ 05.06.2016 വരെ |
| | | ശ്രീമതി. മിനി | 06.06.2016 മുതൽ 31.03.2017വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഓമന.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ദിനൽരാജ്.വി.എച്ച് | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.ബിജു | 01.04.2016 മുതൽ 31.03.2017 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം -1 |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 1-1മുതൽ<br>1-12 വരെ | പൊതുഅവലോകനം |
| | | ഭാഗം -2 |
| 2 | 2-1 | തൊഴിൽ -സ്ഥാപന നികുതി – വരുമാന നഷ്ടം |
| 3 | 2-2 | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല |
| 4 | 2-3 | വിമുക്ത ഭടൻമാർക്കുള്ള വസ്തു നികുതി |
| 5 | 2-4 | വസ്തു നികുതി- അപാകതകൾ |
| 6 | 2-5 | ഇ-ടെണ്ടർ- പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീസ് നാളിതുവരെയും ലഭ്യമായില്ല |
| 7 | 2-6 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ |
| | | ഭാഗം -3 |
| 8 | 3-1 | പാലിയേറ്റീവ് കെയറിന് മരുന്നും, ഉപകരണങ്ങളും വാങ്ങൽ |
| 9 | 3-2 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ- |
| 10 | 3-3 | ഇ.എം.എസ് ഭവന വായ്പ- ഗുണഭോക്താവ് തിരികെ ഒടുക്കിയ തുക ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നു |
| 11 | 3-4 | പഞ്ചായത്തിന് ഫോട്ടോകോപ്പിയർ മെഷീൻ ---- മാനദണ്ഡങ്ങൾ പാലിച്ചില്ല |
| 12 | 3-5 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 13 | 3-6 | കന്നുകുട്ടി പരിപാലന പദ്ധതി --- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 14 | 3-7 | ആശ്രയ ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കിയില്ല |
| 15 | 3-8 | ഇ.എം.എസ് ഭവന പദ്ധതി – അക്കൗണ്ടിൽ ഇപ്പോഴും വൻതുക ശേഷിക്കുന്നു |
| 16 | 3-9 | സ്വച്ച് ഭാരത് ഗ്രാമീൺ പദ്ധതി – സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിക്കുന്നില്ല |
| 17 | 3-10 | മാത്തിൽകുളം കടവ് മുതൽ ചേന്ദങ്കരപട് വരെ മെയിന്റനൻസ് - ഹോളേജ് ഇനത്തിൽ അധിക ചെലവ് |
| 18 | 3-11 | പത്താം നമ്പർ അങ്കണവാടി പരിസരം ഉയർത്തൽ ചുറ്റുമതിൽ നിർമ്മാണം - പ്ലാസ്റ്ററിംഗ് ഇനത്തിൽ അധിക ചെലവ് |
| 19 | 3-12 | അട്ടിച്ചിറപ്പടി റോഡ് മെയിന്റനൻസ് -ഓവർ ഹെഡ് ചാർജ്ജിനത്തിൽ അധിക ചെലവ് |
| 20 | 3-13 | ഒമ്പതിൽപ്പടി മുതൽ പാട്ടത്തിൽപ്പടി വരെ റോഡ് ഉയർത്തൽ -അധികം നൽകിയ ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല |
| 21 | 3-14 | ചങ്ങങ്കരി എൽ.പി.സ്കൂൾ ചുറ്റുമതിൽ നിർമ്മാണം -അധിക ചെലവ് |
| 22 | 3-15 | 23 ൽപ്പടി മുതൽ തെക്കോട്ട് റോഡ് പുനരുദ്ധാരണം- വാർഡ് 2- ഹോളേജ് ചാർജ്ജിനത്തിൽ അധിക ചെലവ് |
| | | ഭാഗം -4 |
| 23 | 4-1 മുതൽ<br>4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അംഗീകൃത ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 84778000 | 82758000 |
| വാർഷിക കണക്ക് പ്രകാരം | 42316445 | 40967903 |

പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള എഫ്.ടി.ഒ ട്രാൻസാക്ഷനുകളും ബി-ഫണ്ടിനത്തിലുള്ള ഡി.ബി.റ്റി ട്രാൻസാക്ഷനുകളും ധനകാര്യപത്രികയിലെ റെസീപ്റ്റ് സൈഡിൽ ഉൾപ്പെടില്ലായെന്നതിനാൽ ഇപ്രകാരമുള്ള വരവ് (44682247) യഥാർത്ഥ വരവിനോടൊപ്പം കൂട്ടിയാൽ, യഥാർത്ഥ വരവ് 8,69,98,692/- രൂപയാകും. അതായത് യഥാർത്ഥ വരവ് പ്രതീക്ഷിത വരവിനേക്കാൾ 22,20,692/- രൂപ കൂടുതലാണെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

*(ഈ വരവു ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയതിൽ 31351/- രൂപയുടെ ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധം ചെലവു ചെയ്തതായി കണ്ടെത്തി. കൂടാതെ വിവിധ കാരണങ്ങളാൽ 1481671/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുമുണ്ട്. വിശദ വിവരങ്ങൾക്കായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)*

**1-2 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം</u>**

2016-17 വർഷത്തെ ധനകാര്യപത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കേറ്റ് നൽകുന്നു (വിശദവിവരം ഖണ്ഡിക 4-1 കാണുക).

**1-3 <u>ഫണ്ട് വിനിയോഗം</u>**

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 10359949 | 9624218 | 92.63 |
| വികസനഫണ്ട് - എസ്.സി.പി. | 3912186 | 2568977 | 65.66 |
| വികസനഫണ്ട് - ടി.എസ്.പി. | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 4990578 | 2632261 | 52.74 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2783802 | 1337797 | 48.05 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5809997 | 3588818 | 61.77 |
| പെർഫോമൻസ് ഗ്രാന്റ് | 3077419 | 848520 | 27.57 |
| ബി. ഫണ്ട് | 35230320 | 35230320 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | *10774475 (മുന്നിരിപ്പ് 21838 ഉൾപ്പെടെ)* | 10716749 | 99.46 (57726 നീക്കിയിരിപ്പ്) |

**1-4 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 163 | 42151322 | 114 | 27766176 | 22 | 27 | 70 |

**1-5 തനത് വരുമാനം**

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 44.21 % ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 7122486 | 4531675 | 2590811 | -36.37 |
| നികുതിയേതര വരവുകൾ | 3525194 | 1225445 | 2299749 | -65.24 |
| മറ്റ് വരവുകൾ | 147734 | 265212 | 117478 | +79.52 |
| ആകെ | **10795414** | 6022332 | 4773082 | -44.21 |

**1-6 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 112560 | 74 |
| കർഷകതൊഴിലാളി പെൻഷൻ | 10344910 | 1129 |
| വിധവാപെൻഷൻ | 5357740 | 512 |
| വാർദ്ധക്യകാലപെൻഷൻ | 16718990 | 1392 |
| വികലാംഗപെൻഷൻ | 2335390 | 258 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 240730 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |
| ആകെ | 35230320 | 3395 |

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾ പ്രകാരം തൻവർഷം 3395 ഗുണഭോക്താക്കൾക്കായി 35230320/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**1-7 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.8.17-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1578/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തരനിയന്ത്രണം**

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന് വികസന ആവശ്യത്തിനായി ലഭിക്കുന്ന ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നില്ല. എസ്.സി.പി. ഇനത്തിൽ ലഭ്യമായ ഫണ്ടിന്റെ 65.66% മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. അതുപോലെ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ 61.77% മാത്രമാണ് വിനിയോഗിച്ചത്. പെർഫോമൻസ് ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ 72.43 ശതമാനവും വിനിയോഗിക്കപ്പെടാതെ നഷ്ടമായി.

വളരെയധികം മനുഷ്യദിനങ്ങൾ ചെലവഴിച്ച് തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങിയ പദ്ധതികളിൽ 69% മാത്രമേ തൻവർഷം നടപ്പിലാക്കിയുള്ളൂ. വികസന ആവശ്യത്തിനായി ലഭിക്കുന്ന തുക പരമാവധി വിനിയോഗിക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.7.17 | 6/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.6.17 | 12-13 മുതൽ 2016-2017 വരെ | ലഭിച്ചിട്ടില്ല |

**1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം**

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 81 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1974 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1389 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1220 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 63340 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 51.91 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 58 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 58 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 1389 കുടുംബങ്ങളിൽ കേവലം 58 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് കേവലം 4.17%.

കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ -സ്ഥാപന നികുതി – വരുമാന നഷ്ടം

2016-17 വർഷത്ത തൊഴിൽ-സ്ഥാപന നികുതി പരിശോധനയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ക്രമ നം. | ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ആന്റണി.ടി.സി, സബ്സ്റ്റാഫ്, ഫെഡറൽ ബാങ്ക്. | 127951 ($1^{st}$ half) | 1000 | 1250 | 250/- |
| 2 | സുജ.എസ്സ്. ക്ലർക്ക്,ഫെഡറൽ ബാങ്ക്. | 131016 ($1^{st}$ half) | 750 | 1250 | 500/- |
| | ആകെ | | | | 750/- |

2.സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അടയ്ക്കേണ്ട തുക |
|---|---|---|---|
| 1 | കാനറ ബാങ്ക് | ഒന്നാം അർദ്ധ വർഷം | 1250/- |
| 2 | സപ്ളൈകോ | ഒന്ന്, രണ്ട് അർദ്ധ വർഷം | 2500/- |
| | ആകെ | | 3750/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5) നൽകിയ മറുപടിയിൽ, ടി ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക 4500/- രൂ. സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

# 2-2 സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

എടത്വാ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

1) വാട്ടർ അതോറിറ്റി ഓഫീസ്

2) പോലീസ് സ്റ്റേഷൻ

3) ബി.എസ്.എൻ.എൽ (രാഷ്ട്രപതിയുടെ പേരിലല്ലാത്തവ)

4) ഫിഷറീസ് ഓഫീസ്

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-3 വിമുക്ത ഭടൻമാർക്കുള്ള വസ്തു നികുതി

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 2013-14 – ൽ അസസ്സ് ചെയ്ത IV/64A നമ്പറിലുള്ള, ജെയിംസ് കുട്ടി.ജെ. കളം & ലിസ്സി ജെയിംസ്, കളത്തിൽ, കോന്നാട്ട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 190$m^2$ തറ വിസ്തീർണ്ണമുള്ളതും, താമസ ആവശ്യത്തിനുള്ളതുമായ കെട്ടിടത്തിന് 1368/- രൂപ കെട്ടിട നികുതിയും, 69/- രൂപ ലൈബ്രറി സെസ്സും ഉൾപ്പടെ 1437/- രൂപ നികുതി നിർണ്ണയിച്ചിരുന്നെങ്കിലും, വിമുക്ത ഭടനായതിനാൽ 13-03-2014 ലെ കമ്മറ്റി തീരുമാന പ്രകാരം നികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഇപ്രകാരം ഒരു കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങളൊന്നും ചേർത്തതായി

കാണുന്നില്ല. മാത്രവുമല്ല, 2000 ച.അടി (185$m^2$) വരെയുള്ള വീടുകളെയാണ് ഇത്തരം ഒഴിവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരം പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്ന ടി കെട്ടിടത്തിന് 185$m^2$ ൽ അധികം തറ വിസ്തീർണ്ണമുണ്ടെന്നതിനാൽ ടി കെട്ടിടം നികുതി വിധേയമാണ്. ആയതിനാൽ ടി കെട്ടിടത്തിന്റെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 2-4 വസ്തു നികുതി- അപാകതകൾ

**1) അസസ്സ് ചെയ്ത വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ലാത്തത് സംബന്ധിച്ച്**

IV/64B നമ്പരായി ജെയിംസ് കുട്ടി. ജെ. കളം & ലിസ്സി ജെയിംസ്, എന്നിവരുടെ പേരിൽ വ്യവസായ ആവശ്യത്തിനായി പണി കഴിപ്പിച്ചിട്ടുള്ള 30.81 $m^2$ കോൺക്രീറ്റ് കെട്ടിടത്തിന് അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ലൈബ്രറി സെസ്സ് (74/-) അടക്കം കെട്ടിട നികുതിയായി 487/-രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഈ കെട്ടിടത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21) മറുപടി ലഭ്യമാക്കിയില്ല. സഞ്ചയയിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും തദനുസരണം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2) തറവിസ്തീർണ്ണത്തിൽ വ്യത്യാസം**

വി.ജെ.ഗ്രിഗറി, വേളശ്ശേരിൽ, ചങ്ങംകരി, എന്നയാളുടെ ഉടമസ്ഥതയിലുള്ള 26.75$m^2$ തറവിസ്തീർണ്ണമുള്ള 10/A നമ്പർ (രജിസ്റ്റർ പ്രകാരം) കാറ്ററിംഗ് വ്യവസായത്തിനുള്ള കെട്ടിടത്തിന് അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 882/- രൂപ ( BT 840/- + LC 42/-) വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം തറവിസ്തീർണ്ണം 17.5 $m^2$ ഉം, ഉപയോഗക്രമം 100$m^2$ ന് മുകളിൽ എന്നും രേഖപ്പെടുത്തി ((60/- രൂ. നിരക്കിൽ) 1050/- രൂപ നികുതി നിശ്ചയിച്ചിരിക്കുന്നു. ഇളവുകൾ കിഴിച്ച് 840/- രൂപ നികുതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരവും, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും, തറ വിസ്തീർണ്ണത്തിലും, ഉപയോഗക്രമത്തിലും വ്യത്യാസം കാണുന്നു. തറ വിസ്തീർണ്ണത്തിലും, ഉപയോഗക്രമത്തിലും സംഭവിച്ചിട്ടുള്ള വ്യത്യാസം പരിഹരിക്കുകയും, അതിനനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി, നികുതി പുന:നിശ്ചയിക്കേണ്ടതുമാണ്.

# 2-5 ഇ-ടെണ്ടർ- പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീസ് നാളിതുവരെയും ലഭ്യമായില്ല

ആയുർവ്വേദ ആശുപത്രിക്ക് കെട്ടിട നിർമ്മാണം എന്ന 10,00,000/- രൂപ അടങ്കലുള്ള പദ്ധതി 21.02.2017-ൽ ടെണ്ടർ ചെയ്തത് പ്രകാരം ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 5000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. കൂടാതെ ടെണ്ടറിൽ, പി.സി.ചെറിയാൻ, ഹാഫിസ് എന്നിങ്ങനെ രണ്ടു പേർ മാത്രമേ പങ്കെടുത്തിട്ടുള്ളൂ എന്നതിനാൽ ടെണ്ടർ ഫോറം വിലയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 1980 (990x2) രൂപയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപമായി തുടരുകയാണ്. ടി തുക ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-6 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

എടത്വ സെന്റ് ജോർജ് ഫെറോന ചർച്ചിന്റെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴത്തെ നിലയിലെ 6/146 A മുതൽ U വരെയുള്ള മുറികൾക്കും ഒന്നാം നിലയിലെ 6/147 ലെ 11മുറികൾക്കും രണ്ടാം നിലയിലെ 18 മുറികൾക്കും പ്രത്യേകമായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. കൂടാതെ നിലവിലുള്ള വസ്തു നികുതിയോടൊപ്പം 25% വർദ്ധനവ് വരുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ 14.01.2011 – ന് ശേഷം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ തറ വിസ്തീണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നിർമ്മിതിയായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതാണ്. കൂടാതെ ടി കെട്ടിടം ഒറ്റ

ബിൽഡിങ്ങായതിനാൽ ആകെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. ഇപ്രകാരം നികുതി നിർണ്ണയിക്കാതിരുന്നത് മൂലം നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

<u>താഴത്തെ നില</u>

| ആദ്യത്തെ 12 മുറികൾ | നിർണ്ണയിച്ച വസ്തു നികുതി | 25% വർദ്ധനവ് വരുത്തി പുനർ നിർണ്ണയിച്ച വസ്തു നികുതി | ആകെ നിർണ്ണയിച്ച വസ്തു നികുതി |
|---|---|---|---|
| ഓരോന്നും 20.77$m^2$ വീതം | 1495 | 1869 | 12x1869 =22428 |
| ബാക്കി 8 മുറികൾ ഓരോന്നും 20.19$m^2$ വീതം | 1452 | 1815 | 8x1815 =14520 |

**ഒന്നാം നില**

| | | | |
|---|---|---|---|
| ഹാൾ | | | |
| തറ വിസ്തീർണ്ണം 166.18$m^2$ | 9970 | 12463 | 12463 |
| 11 മുറികൾ 20.19$m^2$ വീതം | 1010 | 1263 | 13893 |

**രണ്ടാം നില**

| | | | |
|---|---|---|---|
| 18 മുറികൾ 20.19$m^2$ വീതം | 888 | 1055 | 18990 |

മേൽ സൂചിപ്പിച്ചതിൽ താഴത്തെ നിലയിലേയും ഒന്നാം നിലയിലേയും രണ്ടാം നിലയിലേയും പല മുറികളുടേയും കാലപ്പഴക്കം 10 മുതൽ 25 വർഷം വരെയെന്നും ചിലതിന് 10 വർഷത്തിൽ താഴെയെന്നും രേഖപ്പെടുത്തി ഇളവുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ പല മുറികളുടേയും തറ വിസ്തീർണ്ണം തെറ്റായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ 166.18$m^2$ വിസ്തീർണ്ണമുള്ള ഹാളിന്റെ വിസ്തീർണ്ണം 100$m^2$ ൽ താഴെയെന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ വസ്തു നികുതി നിർണ്ണയ അന്വേഷണ റിപ്പോർട്ട് പ്രകാരം മൂന്ന് നിലകളുള്ള കെട്ടിടത്തിന്റെ ഓരോ നിലയും 458.99$m^2$ തറവിസ്തീർണ്ണമുള്ള കണക്കിലാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം (458.99x3) 1376.97$m^2$ ആണ്. ഈ അപാകതകൾ പരിഹരിക്കേണ്ടതും ആകെ തറ വിസ്തീർണ്ണമായ 1376.97$m^2$ ന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടം തിട്ടപ്പെടുത്തി ഈടാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 പാലിയേറ്റീവ് കെയറിന് മരുന്നും, ഉപകരണങ്ങളും വാങ്ങൽ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

ബിൽ നം. 05/16-17 തീയതി. 25-01-2017 (1,17,940/-)

ചെക്ക് നം. 1073368/31-03-2017 (21524/-)

പാലിയേറ്റീവ് കെയറിന് വേണ്ടി മരുന്നും, മെഡിക്കൽ ഉപകരണങ്ങളും വാങ്ങുവാൻ ആകെ 1,39,464/- രൂപ ചെലവഴിച്ചിട്ടുണ്ട്. (117940+21524) ഈ തുക മെഡിക്കൽ ഇൻഷ്വറൻസ് കോർപ്പറേഷന് ഓൺലൈൻ ട്രാൻസ്ഫറായി കൈമാറിയിട്ടുണ്ട്. ഇതിൽ ഉപകരണങ്ങൾ വാങ്ങാൻ നൽകിയതിൽ 2599/- രൂപയുടെ ഉപകരണങ്ങളും, മരുന്ന് വാങ്ങാൻ നൽകിയതിൽ 21,607/- രൂപയുടെ മരുന്നും ലഭിക്കുവാനുണ്ട്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6) നൽകിയ മറുപടിയിൽ മരുന്ന് ലഭിക്കുവാനുണ്ട് എന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥിരീകരിക്കുന്നുണ്ട്. മെഡിക്കൽ ഇൻഷ്വറൻസ് കോർപ്പറേഷനുമായി ഇക്കാര്യത്തിൽ നിരന്തരം ബന്ധപ്പെട്ടു വരുന്നതായും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ലഭിക്കുവാനുള്ള മരുന്നുകളുടേയും ഉപകരണങ്ങളുടേയും തുക 24206/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ-

പ്രോജക്റ്റ് നം. 174/17

ബിൽ നം. 1/16-17

അടങ്കൽ – 75000/-

നിർവ്വഹണം മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങുവാൻ 75,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക എംഡി, ഹോംകോയുടെ പേരിൽ ഡി.ഡി യായി നൽകിയിട്ടുമുണ്ട്. 55,035/- രൂപയുടെ മരുന്ന് ലഭ്യമായതായി രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. ബാക്കി തുകയ്ക്കുള്ള (19,965/-) മരുന്ന് ലഭ്യമായതായി കാണുന്നില്ല. ആയതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) നല്കിയ മറുപടിയിൽ, 55035/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നും, ബാക്കി തുകയ്ക്കുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് എം.ഡി. ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക തടസ്സപ്പെടുത്തുന്നു.

## 3-3 ഇ.എം.എസ് ഭവന വായ്പ- ഗുണഭോക്താവ് തിരികെ ഒടുക്കിയ തുക ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നു

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ - ഇ.എം.എസ് ഭവന വായ്പ- ആനുകൂല്യം കൈപ്പറ്റിയിരുന്ന ഗുണഭോക്താവ് 2013-14 – ൽ സർക്കാർ അനുമതിയോടുകൂടി മുതലിനത്തിൽ തിരികെ ഒടുക്കിയ 22500/- രൂപയും പലിശയിനത്തിൽ ഒടുക്കിയ 11138/- രൂപയും ഉൾപ്പെടെ ആകെ തിരികെ ഒടുക്കിയ 33638/- രൂപ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റായി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വികസന ഫണ്ടിൽ നിന്നും വായ്പാ തുക പൂർണ്ണമായും ഒടുക്കിയിട്ടുള്ളതിനാൽ ഈ തുകയ്ക്ക് അനുസൃതമായി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പഞ്ചായത്തിന് ഫോട്ടോകോപ്പിയർ മെഷീൻ ---- മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രോജക്റ്റ് നം – 147/2017

നിർവ്വഹണം – സെക്രട്ടറി

ചെലവ് തുക – 46000 രൂപ (ബിൽനം 17/2016-17/ 20.1.2017

പഞ്ചായത്തിലേയ്ക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും R.J. എന്റർപ്രൈസസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ബൈ ബാക്ക് വ്യവസ്ഥയിൽ 56000/- രൂപയ്ക്ക് KYOCERA TASKALFA 2201 എന്ന ഫോട്ടോകോപ്പിയർ വാങ്ങുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലേയ്ക്ക് 2011-12 വർഷം വാങ്ങിയ ഷാർപ്പ് കമ്പനിയുടെ ഫോട്ടോകോപ്പിയർ മെഷീൻ ഉപയോഗക്ഷമമല്ലാതായതിനെ തുടർന്നാണ് പുതിയ ഫോട്ടോകോപ്പിയർ വാങ്ങിയത്. PWD ഇലക്ട്രോണിക്സ് വിഭാഗം പഴയ ഫോട്ടോകോപ്പിയറിന് 10,000/- രൂപയാണ് വില നിശ്ചയിച്ചത്. ടി ഫോട്ടോകോപ്പിയർ മെഷീനും 46000/- രൂപയും നൽകിയാണ് പഞ്ചായത്ത് R.J. എന്റർപ്രൈസസിൽ നിന്നും പുതിയ മെഷീൻ വാങ്ങിയത്.

R.J. എന്റർപ്രൈസസിനോടൊപ്പം ടെണ്ടറിൽ പങ്കെടുത്ത Avalon Systems & Service കോട്ടയത്തിന്റെ ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ, R.J. എന്റർപ്രൈസസ് ഓഫർ ചെയ്തതിനേക്കാൾ മെച്ചപ്പെട്ട സ്പെസിഫിക്കേഷനിലുള്ള തോഷിബ കമ്പനിയുടെ ഫോട്ടോകോപ്പിയറിന് ഇവർ 47,900/- രൂപയാണ് ക്വോട്ട്

ചെയ്തിരുന്നത്. എന്നാൽ ഇതു പരിഗണിക്കാതെ കൂടുതൽ തുക ക്വോട്ട് ചെയ്ത R.J. എന്റർപ്രൈസസിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം | ഫോട്ടോകോപ്പിയറിന്റെ സ്പെസിഫിക്കേഷൻ | ക്വോട്ട് ചെയ്ത തുക |
|---|---|---|
| R.J. എന്റർപ്രൈസസ് കോട്ടയം | KYOCERA TASKALFA 2201<br>A3/A4 Digital Duplex Laser Printer<br>A3/A4 Digital Scanner.<br>22 CPM Speed.<br>Zoom Range 25 to 400%.<br>Memory 256 MB.<br>Resolution 600 Dpi.<br>paper capacity 400 sheets. | 56000 |
| Avalon Systems & Service Kottayam. | TOSHIBA e-studio 2309A.<br>A3 size copier , printer, colour scanner.<br>Scan to USB.<br>23 CPM Speed.<br>Zoom Range 25 to 400%.<br>Memory 512 MB.<br>Resolution 2400*600 Dpi.<br>paper capacity 350 sheets.<br>Automatic Duplex Unit.<br>A3 network printing, colour scanning.<br>Multiple copy qty 1-999 | 47900 |

പുതിയ മെഷീൻ വാങ്ങുന്നതിന് ബൈ ബാക്ക് വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിച്ചതിൽ, ഇപ്രകാരം മെഷീൻ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ നൽകിയത് R.J. എന്റർപ്രൈസസ് മാത്രമാണെന്നാണ് കുറഞ്ഞ തുക ക്വോട്ട് ചെയ്ത Avalon Systems & Service നെ ഒഴിവാക്കിയതിന്റെ കാരണമായി പറഞ്ഞിരിക്കുന്നത്. സെക്രട്ടറിയുടെ ടി മറുപടി വസ്തുതാപരമല്ല. 3.10.2016 ലെ A4-3010/2014 നമ്പർ ടെണ്ടർ നോട്ടീസിൽ ഒരിടത്തും ബൈ ബാക്ക് എന്നുപറഞ്ഞിട്ടില്ല. ഇതുകൊണ്ടാണ് R.J. എന്റർപ്രൈസസിനോടൊപ്പം ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ തങ്ങൾ സപ്ലൈ ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഫോട്ടോകോപ്പിയറിന്റെ വില മാത്രമാണ് ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ നോട്ടീസിൽ പരാമർശിക്കാതിരുന്നിട്ടും R.J. എന്റർപ്രൈസസ് 25.10.2016-ൽ സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ പഴയ ഷാർപ്പ് ഫോട്ടോകോപ്പിയറിന്റെ വിലയായ 10,000/- രൂപ കുറവ് ചെയ്തിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. താരതമ്യേന മെച്ചപ്പെട്ട സ്പെസിഫിക്കേഷനിലുള്ള ഫോട്ടോകോപ്പിയർ കുറഞ്ഞ വിലയ്ക്ക് ലഭ്യമായിരുന്നിട്ടും ആയത് വാങ്ങാതിരുന്നതിന് ന്യായീകരിക്കാവുന്നതല്ല. ടെണ്ടർ നോട്ടീസിൽ ബൈ ബാക്ക് നിബന്ധന ചേർക്കാതിരുന്നതു കൊണ്ടാണ് മറ്റ് സ്ഥാപനങ്ങൾ ടെണ്ടർ ഷെഡ്യൂളിൽ ആയത് അവർക്ക് രേഖപ്പെടുത്തുവാൻ അവസരം ലഭിക്കാതിരുന്നത് ഇതു മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 3-5 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഒന്നാം വാർഡിൽ കൊച്ചുതറ കോളനി ജംഗ്ഷൻ മുതൽ വടക്കോട്ട് ഗ്രാമോത്സവ കോളനി വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും (പ്രോജക്ട് നം. 220/2017) വാട്ടർ അതോറിറ്റിയുടെ 29.3.2017 – ലെ D2-1367/2017 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയായ 13,50,000/- രൂപ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം ടി പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 1.6.2017 – ൽ അവസാനിച്ചു. എന്നാൽ KWA നാളിതുവരെ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാമെന്നുമാണ് ഇതുസംബന്ധിച്ച് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. കരാർ കാലാവധി കഴിഞ്ഞിട്ടും പദ്ധതി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 13,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>പദ്ധതി ചെലവ് വിവരം</u>

ബിൽ നം. 22,23,24,25/2016-17/ 31.3.2017 – 12,66,931/- രൂപ (വികസന ഫണ്ട്)

ട്രഷറിചെക്ക് നം. 1073366/ 30.3.2017 – 83,069/- രൂപ (തനത് ഫണ്ട്)

## 3-6 കന്നുകുട്ടി പരിപാലന പദ്ധതി --- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി (പ്രോജക്ട് നം. 137/2017) തൻവർഷം വികസന ഫണ്ടിൽ നിന്നും 87,500/- രൂപ (ബിൽനം. 1/2016-17/ 15.3.2017) പിൻവലിച്ച് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 6250/- രൂപ പ്രകാരം 14 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമാണ് ടി തുക. എത്രയും വേഗം സംസ്ഥാന വിഹിതം ഉറപ്പാക്കി തെരഞ്ഞെടുത്ത ക്ഷീരസംഘം മുഖേന കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ കാഫ് ഫീഡിന് നൽകിയ 87,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 ആശ്രയ ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കിയില്ല

ആശ്രയ ഭവന നിർമ്മാണം - സ്ത്രീ കുടുംബനാഥയായിട്ടുള്ളവർക്ക് (പ്രോജക്ട് നം:118/2017) എന്ന പ്രോജക്ട് പ്രകാരം 2,50,000/- രൂപയും ആശ്രയ ഭവന പുനരുദ്ധാരണം - സ്ത്രീ കുടുംബനാഥയായിട്ടുള്ളവർക്ക് (പ്രോജക്ട് നം:111/2017) എന്ന പ്രോജക്ട് പ്രകാരം 1,00,000/- രൂപയും ഉൾപ്പെടെ വികസനഫണ്ടിൽ നിന്നും 3,50,000/- രൂപ പിൻവലിച്ച് സി.ഡി.എസ് - ന്റെ അക്കൗണ്ടിലേക്ക് 25.01.2017 – ൽ നിക്ഷേപിച്ചുവെങ്കിലും നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. ആശ്രയ ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന്റെ പേരിൽ സ്വന്തമായി ഭൂമി ഇല്ലാത്തതിനാലാണ് പ്രോജക്ട് നടപ്പിലാക്കുവാൻ കാലതാമസം വന്നതെന്നും ഗുണഭോക്താവായ രാജശ്രീ രാഗിണിയ്ക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി തുടങ്ങിയെന്നും 2017-18 – ൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.20) മറുപടി നൽകിയത്. നിലവിൽ ഭൂമിയില്ലാത്ത ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ചത് ശരിയായ നടപടിയല്ല. അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ്

അടിസ്ഥാനമാക്കിയാണ് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. അഗതി ആശ്രയ പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്നും വകമാറ്റി സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക യഥാസമയം വിനിയോഗിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

# 3-8 ഇ.എം.എസ് ഭവന പദ്ധതി – അക്കൗണ്ടിൽ ഇപ്പോഴും വൻതുക ശേഷിക്കുന്നു

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നല്കുന്നതിന് പച്ച സർവ്വീസ് സഹകരണ ബാങ്കിൽ വി.ഇ.ഒ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ പേരിൽ 03/2010 – ൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 1602) ഇപ്പോഴും 9,21,518/- രൂപ വിനിയോഗിക്കാതെ ശേഷിക്കുന്നു. പഞ്ചായത്ത് ഇ.എം.എസ് ഭവന പദ്ധതി നിർത്തലാക്കുകയും വായ്പാതുക പൂർണ്ണമായി തിരിച്ചടക്കുകയും ചെയ്തിട്ടും ടി പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുകയിൽ 9,21,518/-രൂപ ഇപ്പോഴും അക്കൗണ്ടിൽ ശേഷിക്കുകയാണ്. ആയതിനാൽ സർക്കാർ നിർദ്ദേശത്തിന് വിധേയമായി ടി തുക മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

# 3-9 സ്വച്ച് ഭാരത് ഗ്രാമീൺ പദ്ധതി – സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിക്കുന്നില്ല

വ്യക്തിഗത സാനിട്ടറി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ടോയ് ലറ്റ് നിർമ്മിച്ച് നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് സ്വച്ച് ഭാരത് ഗ്രാമീൺ പദ്ധതി (പ്രോജക്ട് നം. 01/2017). ഒരു ഗുണഭോക്താവിന് 15400/- രൂപ വീതം പദ്ധതിയിൽ വകയിരുത്തിയിരുന്നു. ഇതിൽ 12000/- രൂപ സ്വച്ഛ് ഭാരത് മിഷൻ വിഹിതവും, 3400/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. സ്വച്ഛ്ഭാരത് മിഷൻ ഫണ്ട് ലഭ്യമാകാൻ വൈകുന്ന പക്ഷം വികസന ഫണ്ട്/തനത് ഫണ്ട് വകയിരുത്തുന്നതിനും അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 15400/- രൂപ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും വകയിരുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയത്.

പദ്ധതിയിൽ ഉൾപ്പെടുത്തി 150 കക്കൂസുകൾ പൂർത്തീകരിച്ചതിന്റെ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് 18,00,000 (150 x 12000) രൂപ തിരികെ ലഭിക്കേണ്ടിയിരുന്നു. ഇതിൽ 14,90,400/- രൂപ രണ്ട് ഗഡുക്കളായി തിരികെ ലഭിച്ചിട്ടുണ്ട്. ടി തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ഇനിയും 3,96,600/- രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു. നിലവിൽ ലഭിച്ച തുക അനിവാര്യ പ്രോജക്ടുകൾ എടുത്ത ശേഷം ശുചിത്വ പ്രോജക്ടുകൾക്ക് വിനിയോഗിക്കുന്നതിന് 28.12.2016 – ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ലഭിച്ച തുക യാതൊരു പ്രവർത്തനങ്ങൾക്കും വിനിയോഗിച്ചിട്ടില്ല. ആയതിനാൽ ടി തുക വകയിരുത്തി ശുചിത്വ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-10 മഠത്തിൽകുളം കടവ് മുതൽ ചേന്ദങ്കരപട് വരെ മെയിന്റനൻസ് - ഹോളേജ് ഇനത്തിൽ അധിക ചെലവ്

പ്രോജക്ട് - 216/17

കൺവീനർ - ജോർജ്ജ് ജോസഫ്

അളവ് പുസ്തകം- നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

ഈ വേലയുടെ ഒന്നാമിനമായി കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ സബ് ഗ്രേഡ് എന്നയിനം 40.5$m^3$ ൽ നിന്നും കൺസോളിഡേഷൻ 10% കുറവ് ചെയ്ത് 34.2$m^3$ – ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം

രണ്ടാമിനത്തിന് അനുവദിക്കാവുന്ന ഹോളേജ് ഓഫ് മെറ്റീരിയൽ ബൈ ടിപ്പർ എന്നയിനം 34.2x37.1.7 = 2151.18 ടൺ കി.മീ. ആണ്. എന്നാൽ ഇതിന് പകരം 2516 ടൺ കി.മീറ്ററിന് 2.48 രൂപ നിരക്കിൽ മൂല്യ നിർണ്ണയം നടത്തി തുക നൽകിയതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്.

ഹോളേജ് ഇനത്തിൽ അനുവദിക്കാവുന്ന തുക – 2151.18 ടൺ കി.മീ x 2.48 = 5335

അനുവദിച്ച തുക - 2516 ടൺ കി.മീ x 2.48 = 6240

അധികം നൽകിയ തുക = 905/-രൂപ. ഈ തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 40.5$m^2$ മെറ്റീരിയൽ സൈറ്റിൽ ഇറക്കിയിട്ടുള്ളതിനാലാണ് അത്രയും അളവിന് ഹോളേജ് നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഇറക്കുന്ന മെറ്റീരിയൽ ലൂസ് ക്വോണ്ടിറ്റിയാണെന്നതിനാൽ കൺസോളിഡേഷൻ കുറവ് ചെയ്തുള്ള അളവിന് മാത്രമേ ഹോളേജിന് അർഹതയുള്ളൂ. ആയതിനാൽ ടി മറുപടി അംഗീകരിക്കാവിന്നതല്ല.

ആകെ മൂല്യം - 46382

ബിൽ നമ്പർ. 38/16-17/ 30.3.17 - 46382

## 3-11 പത്താം നമ്പർ അങ്കണവാടി പരിസരം ഉയർത്തൽ ചുറ്റുമതിൽ നിർമ്മാണം - പ്ലാസ്റ്ററിംഗ് ഇനത്തിൽ അധിക ചെലവ്

പ്രോജക്ട് - 100/17

കൺവീനർ -ശ്രീമതി. ജലജ കുമാരി

അളവ് പുസ്തകം- 53/16-17

ഈ വേലയുടെ നാലാമിനമായി അളവ് പുസ്തകം പുറം 4 പ്രകാരം സോളിഡ് ബ്ലോക്ക് മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

14.5x0.10x1.6 = 2.32

15.5x0.10x1.6 = 2.48

10x0.2x0.10x1.6 = 0.32

ആകെ 5.12$m^2$ ചെയ്തിട്ടുണ്ട്. കൂടാതെ 5-ാംഇനമായി 1:4 അനുപാതത്തിൽ 12mm സിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

2x14.5x1.6

2x15.5x1.6 എന്നിങ്ങനെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ പില്ലറിന്റെ നീളം കൂടി ഉൾപ്പെടുമെന്നതിനാൽ പില്ലറിന്റെ നീളം പ്രത്യേകം കണക്കാക്കേണ്ടതില്ല. എന്നാൽ പില്ലറിന്റെ നീളം 10x0.2x1.6=3.2 എന്നിങ്ങനെ പ്രത്യേകമായി കണക്കാക്കിയതിനാൽ 3.2$m^2$ ന് അധികചെലവുണ്ടായിട്ടുണ്ട്.

കൂടാതെ മതിലിന്റെ വീതി 0.10 മീറ്റർ മാത്രമാണ്. വാൾ ടോപ്പിന്റെ വിസ്തീർണ്ണം 14.5x0.10 + 15.5x 0.10 = 3$m^2$ മാത്രമായിരിക്കും എന്നാൽ ഇതിന് വിരുദ്ധമായി വാൾ ടോപ്പിന്റെ വീതി 0.20 മീ. എന്ന് കണക്കാക്കുകവഴി

വിസ്തീർണ്ണം 6m$^2$ ആയി പരിഗണിച്ചതിനാൽ ഈയിനത്തിൽ 3m$^2$ ഉം ഉൾപ്പെടെ ആകെ 6.2m$^2$, (3.2+3) ന് 234.13/m$^2$ നിരക്കിൽ 1452/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം - 113925

ബിൽ നമ്പർ 61/16-17/30.3.17 -113925

# 3-12 അട്ടിച്ചിറപ്പടി റോഡ് മെയിന്റനൻസ് -ഓവർ ഹെഡ് ചാർജ്ജിനത്തിൽ അധിക ചെലവ്

പ്രോജക്ട് - 10/17

കൺവീനർ -ശ്രീ. ജോയിജോൺ

അളവ് പുസ്തകം- 5/16-17

അട്ടിച്ചിറപ്പടി റോഡ് മെയിന്റനൻസ് എന്ന വേലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Mord സ്പെസിഫിക്കേഷൻ പ്രകാരമാണ്. അളവ് പുസ്തകം പുറം 2 പ്രകാരം ഒന്നാമിനമായി ഫില്ലിംഗ് വിത്ത് ക്വോറി മക്ക് എന്നയിനം 180m$^3$ ചെയ്തതിന് 1048.20/m$^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. ഈ നിരക്കിൽ 10% OH ഉൾപ്പെട്ടിട്ടുള്ളതാണ്. ഗുണഭോക്തൃ സമിതികൾക്ക് OH പരമാവധി 7.5%ൽ അധികമാകുവാൻ പാടില്ലെന്നിരിക്കെ അധികം നൽകിയ OH കുറവ് ചെയ്യാതിരുന്നത് മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വേലയുടെ ആകെ മൂല്യമായ 188676/- രൂപയോടുകൂടി നികുതികൾ (11321) ഉൾപ്പെടെ, ബിൽ നമ്പർ. 8/16-17/16.2.17 അനുസരിച്ച് 199997/- രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദനീയമായ ചെലവ് (ആകെ മൂല്യം = 188676x100/110) 171524+ 7.5% = 184388/- രൂപ മാത്രമാണ്. എന്നാൽ ഇതിന് വിരുദ്ധമായി മേൽ സൂചിപ്പിച്ച വിധം ചെലവ് ചെയ്തതിനാൽ 15609/- രൂപ (199997 - 184388) അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-13 ഒമ്പതിൽപ്പടി മുതൽ പാട്ടത്തിൽപ്പടി വരെ റോഡ് ഉയർത്തൽ -അധികം നൽകിയ ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല

പ്രോജക്ട് - 61/17

കൺവീനർ -ശ്രീ. തോമസ് ആന്റണി , അളവ് പുസ്തകം- 3/16-17

ഒമ്പതിൽപ്പടി മുതൽ പാട്ടത്തിൽപ്പടി വരെ റോഡ് ഉയർത്തൽ എന്ന വേലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Mord സ്പെസിഫിക്കേഷൻ പ്രകാരമാണ്. ഇപ്രകാരം പ്രൈസ് സോഫ്റ്റ് വെയറിൽ ഗുണഭോക്തൃ സമിതികൾ ചെയ്യുന്ന പ്രവർത്തികൾക്ക് 10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്കാണ് ലഭ്യമാകുന്നത്. എന്നാൽ ഗുണഭോക്തൃ സമിതികൾക്ക് അനുവദനീയമായ ഓവർഹെഡ് ചാർജ്ജ് 7.5% മാത്രമാണ്. അധികമായ ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്യാതെ മൂല്യ നിർണ്ണയം നടത്തി കൺവീനർക്ക് തുക നൽകിയതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. വേലയുടെ ആകെ മൂല്യമായ 119209 – ൽ നിന്നും അധിക നിരക്കിന് തുല്യമായ 2.27% കുറവ് ചെയ്താൽ വേലയുടെ അനുവദനീയമായ ആകെ മൂല്യം 116500/- രൂപ മാത്രമാണ്, (119209-2.27%). എന്നാൽ ഇപ്രകാരം അധിക നിരക്കിൽ അനുവദിച്ച ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്യാതിരുന്നത് മൂലം 2709/- രൂപ അധികചെലവുണ്ടായിട്ടുള്ളതായി കാണുന്നു. അധികം ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ

ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (17) ലഭ്യമാക്കിയ മറുപടിയിൽ കൺസോളിഡേഷൻ 20% കുറവ് ചെയ്തതിനാലാണ് ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്യാതിരുന്നതെന്ന് അറിയിച്ചിരിക്കുന്നു. ആയത് അംഗീകരിക്കാവുന്നതല്ല.

ബിൽ നമ്പർ- 32/16-17/27.3.17 - 119209

# 3-14 ചങ്ങങ്കരി എൽ.പി.സ്കൂൾ ചുറ്റുമതിൽ നിർമ്മാണം -അധിക ചെലവ്

പ്രോജക്ട് - 96/17

കൺവീനർ -ശ്രീമതി. ബീനാമോൾ.കെ

അളവ് പുസ്തകം- നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

ചങ്ങങ്കരി എൽ.പി.സ്കൂൾ ചുറ്റുമതിൽ നിർമ്മാണം എന്ന വേലയുടെ നാലാമിനമായി അളവ് പുസ്തകം പുറം 7 പ്രകാരം സോളിഡ് ബ്ലോക്ക് മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

1x26.90x0.2x1.6 = 8.61

1x3x0.2x1.6 = 0.96

1x8.9x0.2x1.6 = 2.85

1x8.4x0.2x1.6 = 2.69

12x0.2x0.10x1.6 = 0.38 ആകെ 15.49$m^2$ ചെയ്തിട്ടുണ്ട്. കൂടാതെ 6-ാംഇനമായി 1:4 അനുപാതത്തിൽ 12mm സിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

2x26.90x1.6 = 86.08

2x3x1.6 = 9.6

2x8.9x1.6 = 28.48

2x8.4x1.6 = 26.88

12x0.2x1.6 = 3.84

2x12x0.10x1.6 = 3.84

ആകെ 15 8.72$m^2$ പ്ലാസ്റ്ററിംഗ് ചെയ്ത വിസ്തീർണ്ണം കണക്കാക്കുന്നതിന് മതിലിന്റെ ആകെ നീളമായ 47.2 മീറ്ററിന്റെ രണ്ട് മടങ്ങ് കണക്കാക്കുമ്പോൾ പില്ലറിന്റെ നീളം അതിൽ ഉൾപ്പെടുമെന്നതിനാൽ പില്ലറിന്റെ പുറം വിസ്തീർണ്ണം പ്രത്യേകമായി കാണേണ്ടതില്ല. ആയതിനാൽ പ്ലാസ്റ്ററിംഗിന് അനുവദനീയമായ വിസ്തീർണ്ണം (47.2x2x1.6 + 2x12x0.10x1.6) = 151.04+3.84 = 154.88$m^2$ മാത്രമാണ്. എന്നാൽ 158.72$m^2$ പ്ലാസ്റ്ററിംഗിനായി കണക്കാക്കിയതിനാൽ 3.84$m^2$ ന് 234.13/$m^2$ നിരക്കിൽ 899/- രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം - 208157

ബിൽ നമ്പർ - 35/16-17/27.3.17 - 208157

## 3-15 23 ൽപ്പടി മുതൽ തെക്കോട്ട് റോഡ് പുനരുദ്ധാരണം- വാർഡ് 2- ഹോളേജ് ചാർജ്ജിനത്തിൽ അധിക ചെലവ്

പ്രോജക്റ്റ് - 9/17

കൺവീനർ -ശ്രീ. ജിജിമോൻ ജോസഫ്

അളവ് പുസ്തകം- 18/16-17

23ൽപ്പടി മുതൽ തെക്കോട്ട് റോഡ് പുനരുദ്ധാരണം എന്ന വേലയുടെ ഒന്നാമിനമായി കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ സബ് ഗ്രേഡ് എന്നയിനം 107.5$m^3$ ൽ നിന്നും കൺസോളിഡേഷൻ 10% കുറവ് ചെയ്ത് 96.75$m^3$ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം രണ്ടാമിനമായി അനുവദിക്കാവുന്ന ഹോളേജ് ഓഫ് മെറ്റീരിയൽ ബൈ ടിപ്പർ എന്നത് 96.75$m^3$x37x1.7 = 6086 ടൺ കി.മീ. ആണ്. എന്നാൽ ഇതിന് പകരം 6761.75 ടൺ കി.മീറ്ററിന് 2.48 രൂപ നിരക്കിൽ മൂല്യ നിർണ്ണയം നടത്തി 16769/-രൂപ നൽകിയിട്ടുണ്ട്. അനുവദനീയമായ തുക (96.75m3x37.1.7x2.48), 15092/-രൂപ മാത്രമാണ്. ആയതിനാൽ ഈയിനത്തിൽ 1677/-രൂപയുടെ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16) ലഭ്യമാക്കിയ മറുപടിയിൽ 107.5$m^2$ മെറ്റീരിയൽ സൈറ്റിൽ ഇറക്കിയിട്ടുള്ളതിനാലാണ് അത്രയും അളവിന് ഹോളേജ് നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഇറക്കുന്ന മെറ്റീരിയൽ ലൂസ് ക്വോണ്ടിറ്റിയാണെന്നതിനാൽ കൺസോളിഡേഷൻ കുറവ് ചെയ്തുള്ള അളവിന് മാത്രമേ ഹോളേജിന് അർഹതയുള്ളൂ. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല.

ആകെ മൂല്യം - 159662

ബിൽ നമ്പർ - 51/16-17/30.3.17 - 159662

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷിക കണക്ക് പരിശോധന

എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. <u>റസീറ്റ് & പെയ്മെന്റ് അക്കൗണ്ട്</u>

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 6597043 |
| വരവ് | : | 42316445 |
| ആകെ | : | 48913488 |
| ചെലവ് | : | 40967903 |
| നീക്കിയിരിപ്പ് | : | 7945585 |

**എ).** റസീറ്റ് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തൻവർഷ കളക്ഷൻ തുകയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളും തമ്മിൽ താഴെപ്പറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ കാണുന്നു.

1.സാംഖ്യ പ്രകാരമുള്ള വസ്തു നികുതി തൻവർഷത്തെ കളക്ഷൻ 1754538/-രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരമുള്ള കളക്ഷൻ 2120003/-രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. ധനകാര്യ പത്രിക പ്രകാരമുള്ള തൊഴിൽ നികുതി (ട്രേഡേഴ്സ്) - തൻവർഷത്തെ കളക്ഷൻ (138890), രജിസ്റ്റർ പ്രകാരമുള്ള കളക്ഷനുമായി (268440) പൊരുത്തപ്പെടുന്നില്ല.

3. കെട്ടിട വാടക Rp-43 പ്രകാരമുള്ള കളക്ഷൻ (344784), രജിസ്റ്റർ പ്രകാരമുള്ള കളക്ഷനുമായി(368100) പൊരുത്തപ്പെടുന്നില്ല.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 84673470 |
| (-) ചെലവ് | : | 86958237 |
| (-)പ്രയർ പീരീഡ് ഐറ്റം | : | 829074 |
| ഡെഫിസിറ്റ് | : | 1455693 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. വികസന ഫണ്ട് രജിസ്റ്റർ പ്രകാരം ആകെ ചെലവ്- 9426239/- രൂപയാണ്. എന്നാൽ ഇൻകം ഷെഡ്യൂൾ I-6, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ എന്നിവ പ്രകാരം ആകെ ചെലവ് 9624218/- രൂപയാണ്. വരവ്-ചെലവുകൾ തമ്മിൽ 200000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2. സാംഖ്യ പ്രകാരമുള്ള വസ്തു നികുതി തൻവർഷത്തെ ഡിമാന്റ് (3251534), സഞ്ചയ പ്രകാരമുള്ള ഡിമാന്റുമായി (2015749) പൊരുത്തപ്പെടുന്നില്ല.

3.തൊഴിൽ നികുതി (ട്രേഡേഴ്സ്) - തൻവർഷത്തെ ഡിമാന്റ് സാംഖ്യ പ്രകാരം 293700/-രൂപയാണ്.(I-1) എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 270940/-രൂപ മാത്രമാണ്.

4.കെട്ടിട വാടക I-3 ഷെഡ്യൂൾ പ്രകാരമുള്ള ഡിമാന്റ് (393334) രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റുമായി (414540) പൊരുത്തപ്പെടുന്നില്ല.

III.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 20401660 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 20169314 |
| പഞ്ചായത്ത് ഫണ്ട് | 232346 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശിക ഡിമാന്റ് 592841/- രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം കുടിശിക ഡിമാന്റ് 1834776/- രൂപയാണ്.1241935/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2. തൊഴിൽ നികുതി (ട്രേഡേഴ്സ്) - തൻവർഷം രജിസ്റ്റർ പ്രകാരം 2500/- രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക അവശേഷിക്കുന്നില്ല.

3. വസ്തു നികുതി തൻവർഷത്തെ ബാലൻസായി സാംഖ്യ പ്രകാരം കാണേണ്ട തുക 1496996/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-15 ൽ ഉൾപ്പെടുത്തിയിട്ടുള്ള തുക 3517073/- രൂപയാണ്.

4. കെട്ടിട വാടക ബാലൻസായി കാണിച്ചിട്ടുള്ള തുകയും (48550), രജിസ്റ്റർ പ്രകാരമുള്ള തുകയുമായി (46440) പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

5. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

**4-2. <u>സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>**

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1597647 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1281335 | 316312 |
| ജില്ലാ പഞ്ചായത്ത് | 150000 | പാലിന് സബ്സിഡി | 150000 | ---- |

**4-3. <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>**

--ഇല്ല--

**4-4. <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>**

--ഇല്ല--

**4-5. <u>വായ്പ / വായ്പ തിരിച്ചടവ്</u>**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവനപദ്ധതി | GO(Rt). 960/10/lsgd/Dt-20.03.2010 | 10085720 | 106154 | 106154 | 1416 | 00 |

**4-6. <u>സ്ഥിരനിക്ഷേപങ്ങൾ</u>**

--ഇല്ല--

**4-7.<u>ഓഡിറ്റ് റിക്കവറി</u>**

ഈയിനത്തിൽ തൻവർഷം ലഭിച്ച 5012/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2008-09 | 3-12 | 5012 | കെ.ജെ. പെന്റാലിയോൺ<br>അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | 11603100741/21.6.16 |

4-8.സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42316445 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40967903 |
| വരവിനങ്ങളിലുള്ള നഷ്ടം | **4500** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **23251** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **1481671** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1(1) | 750 | | കെ.എം.ജേക്കബ്, സെക്രട്ടറി |
| 2-1(2) | 3750 | | കെ.എം.ജേക്കബ്, സെക്രട്ടറി |
| 3-10 | | 905 | ആർ.ഓമന,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 1452 | ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | | 15609 | ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 2709 | ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | | 899 | ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 1677 | ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | **4500** | **23251** | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 24206 | ഡോ. സിനി.സി.ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-2 | 19965 | ഡോ. മരിയ തെരേസ.പി.ജെ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-5 | 1350000 | കെ. ബിജു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 87500 | ബി. ശ്രീജിത്ത് എൻ ഭാസ്കരൻ, വെറ്ററിനറി സർജ്ജൻ |
| **ആകെ** | **1481671** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

--ഇല്ല--

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

--ഇല്ല--

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.ഉല്ലാസ് കുമാർ, സെക്രട്ടറി | വിരമിച്ചു | മണിഭവനം,താമല്ലാക്കൽ.പി.ഒ, ഹരിപ്പാട് |
| കെ.എം.ജേക്കബ്, സെക്രട്ടറി | സെക്രട്ടറി, എടത്വ ഗ്രാമപഞ്ചായത്ത് | കേളച്ചംവീട്, കരിപ്പുഴ.പി.ഒ, മാവേലിക്കര |
| ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | നന്ദനം,പെരിങ്ങാല,കായംകുളം |
| ബി.ശ്രീജിത്ത്. എൻ. ഭാസ്കരൻ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, എടത്വ ഗ്രാമപഞ്ചായത്ത് | ശ്രീനിവാസ്, പുന്നമൂട്, മാവേലിക്കര |
| ഡോ.സിനി.സി.ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | കുറ്റിക്കൽ ഹൗസ്, ആനപ്രാമ്പൽ നോർത്ത്.പി.ഒ, തലവടി |
| ഡോ. മരിയതെരേസ.പി.ജെ, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി കൊടുപ്പുന്ന | കോട്ടയരുകിൽ ഹൗസ്, തുരുത്തി പി.ഒ, ചങ്ങനാശ്ശേരി |
| കെ.ബിജു, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അമ്പലപ്പുഴ വടക്ക്, ഗ്രാമപഞ്ചായത്ത് | ഗോകുലം, സനാതനപുരം പി.ഒ, ആലപ്പുഴ |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ3-707/97, 11.12.97/7.2.98 |
| 1997-98 (ചെലവ്) | എൽ.എഫ്.എ3 - 1138/99/ 13.3.2000/8..6.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ജിഎ5-1832(1)/11/ 24.1.2012 |
| 1999-00 01-02 (പദ്ധതി) | എൽ.എഫ്.ജിഎ5-1832/11/ 24.1.2012 |
| 1999-00(പദ്ധതി ഒഴികെ) | എൽ.എഫ്.ജിഎ5-1832/ 24.1.2012 |
| 2002-03 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2003-04 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2004-05 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2005-06 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2006-07 | എൽ.എഫ്.എ.പി8 -311/11/23.9.11/ 30.9.11 |
| 2007-08 | എൽ.എഫ്.എ.പി8 -312/ 23.9.11/ 30.9.11 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി1 -626/12/24.9.12 |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി1 - 1482/ 13/ 3.4.14/ 7.6.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി1-1539/15/ 9.12.15/ 1.1.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി1-826/16 / 28.07.2016 |
| | |

| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1- 1526/16 , 14.01.17 |
| --- | --- |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി1-1201/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 16.09.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

No. KSA-ALP/P1-1201/2017

Kerala State Audit Department,

District Audit Office, Alappuzha.

Date:16.09.2017

# *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Edathua Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Edathua Gramapanchayat for the year 2016-17 except the observations in para 4-1 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Alappuzha